**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങള്**

(ഹാജർ. V. VIGNESHWARI. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് – വനിത ശിശു വികസന വകുപ്പ് –പാൽന സ്കീം - അങ്കണവാടി കം ക്രഷ് - 2026 ജൂലായ് മാസത്തെ ഹോണറേറിയം- 2026 മേയ് മാസം വരെയുള്ള ഹോണറേറിയം ഒഴികെയുള്ള മറ്റ് ചിലവുകളും - അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. കേന്ദ്ര സർക്കാരിൽ നിന്നുള്ള 24/04/2026 തീയതിയിലെ കത്ത് നം. Palna-06/3/2026-Palna (Comp No.144386)

2. വിവിധ ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ അലോട്ട്മെന്റ് റിക്വസ്റ്റുകൾ

**ഉത്തരവ് നം: DWCD/2824/2025-WEC7 തീയതി: 02-07-2026**

സ്ത്രീകളെ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 60% കേന്ദ്രാവിഷ്കൃത പദ്ധതിയായ പാൽന സ്കീം പ്രകാരം സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷുകൾ (AWCC) ആരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാകുകയും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു. Palna സ്കീമിന്റെ ഭാഗമായി അങ്കണവാടി കം ക്രഷുകൾക്കായി 2026-27 വർഷത്തേയ്ക്കുള്ള ആദ്യഘട്ട കേന്ദ്ര റിലീസ് ആയി 1,33,69,348 രൂപ അനുവദിച്ചുകൊണ്ടുള്ള Mother Sanction പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. Mother Sanction ലഭ്യമായ സാഹചര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന 218 AWCCs ലെ 2026 ജൂലായ് മാസത്തെ ഓണറേറിയം ഗ്രാന്റ് നൽകുന്നതിനാവശ്യമായ ഫണ്ടിനത്തിൽ **23,43,500/-** രൂപ (60% കേന്ദ്ര വിഹിതമായി 14,06,100 രൂപയും സംസ്ഥാന വിഹിതമായി 9,37,400 രൂപയും) ജില്ലകൾക്ക് അനുവദിക്കേണ്ടതുണ്ട്.

കൂടാതെ ഹോണറേറിയം അരിയറുകൾ, ഡോക്ടർക്കുള്ള ഹോണറേറിയം, അഡീഷണൽ SNP, മെഡിസിൻ കിറ്റ്, ECCE സ്റ്റഡി മെറ്റീരിയൽ, സ്പോർട്സ് മെറ്റീരിയൽ പർച്ചേസ് തുടങ്ങി അങ്കണവാടി കം ക്രഷുകളുടെ ഓണറേറിയം ഒഴികെയുള്ള മറ്റ് ചിലവുകളുടെ കംപോണന്റുകൾക്കായി തുക ആവശ്യപ്പെട്ടുകൊണ്ട് സൂചന (2) പ്രകാരം 12 ജില്ലാ വനിത ശിശു വികസന ഓഫീസർമാർ (തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ ഒഴികെ) അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം 2026 മേയ് മാസം വരെയുള്ള ഓണറേറിയം ഒഴികെയുള്ള മറ്റ് ചിലവുകൾക്കായി **5,13,780/-** രൂപ (60% കേന്ദ്ര വിഹിതമായി **3,08,268/-** രൂപയും സംസ്ഥാന വിഹിതമായി **2,05512/-** രൂപയും) ജില്ലകൾക്ക് അനുവദിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ അങ്കണവാടി-കം-ക്രഷുകളിലെ ജീവനക്കാർക്ക് 2026 ജൂലായ് മാസത്തെ ഓണറേറിയം ഗ്രാന്റ് നൽകുന്നതിനും, 2026 മേയ് മാസം വരെയുള്ള ഓണറേറിയം ഒഴികെയുള്ള മറ്റ് ചിലവുകൾക്കുമായി ആകെ **28,57,280/-**രൂപ (60% കേന്ദ്ര വിഹിതമായി **17,14,367** രൂപയും സംസ്ഥാന വിഹിതമായി **11,42,913** രൂപയും) ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മുഖേന ശിശു വികസന പദ്ധതി ആഫീസർമാർക്ക് അനുവദിച്ച് നൽകി ഉത്തരവാകുന്നു.

| Sl. No. | Districts | Total | | GRAND TOTAL | Remarks |
|---|---|---|---|---|---|
| | | GOI Share (60%) | GOK Share (40%) | | |
| 1 | തിരുവനന്തപുരം | 135450 | 90300 | 225750 | ഹോണറേറിയം അല്ലാത്ത മറ്റ് ഇനങ്ങളിൽ അലോട്ട്മെന്റ് ആവശ്യപ്പെട്ടിട്ടില്ല |
| 2 | കൊല്ലം | 149080.8 | 99386.2 | 248467 | |
| 3 | പത്തനംതിട്ട | 114300 | 76200 | 190500 | |
| 4 | ആലപ്പുഴ | 51600 | 34400 | 86000 | ഹോണറേറിയംഅല്ലാത്തമറ്റ് ഇനങ്ങളിൽഅലോട്ട്മെന്റ് ആവശ്യപ്പെട്ടിട്ടില്ല |
| 5 | കോട്ടയം | 65511 | 43674 | 109185 | |
| 6 | ഇടുക്കി | 70740 | 47160 | 117900 | |
| 7 | എറണാകുളം | 181551 | 121035 | 302586 | |
| 8 | തൃശ്ശൂർ | 172629.6 | 115086.4 | 287716 | |
| 9 | പാലക്കാട് | 142050 | 94700 | 236750 | |
| 10 | മലപ്പുറം | 98769 | 65846 | 164615 | |
| 11 | കോഴിക്കോട് | 203467.6 | 135645.4 | 339113 | |
| 12 | വയനാട് | 130389 | 86926 | 217315 | |
| 13 | കണ്ണൂർ | 148340 | 98894 | 247234 | |
| 14 | കാസറഗോഡ് | 50489 | 33660 | 84149 | |
| | Total | 17,14,367 | 11,42,913 | 28,57,280 | |

ഈ ഇനത്തിലുള്ള 28,57,280/-രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തേഴായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-20-02 (P) എന്ന ശീർഷകത്തിൽ നിന്നും SNA SPARSH സംവിധാനം മുഖേനെ അനുവദിക്കേണ്ടതാണ്.

ശിശു വികസന പദ്ധതി ആഫീസർ ധനവിനിയോഗ സാക്ഷ്യപത്രം, ക്രഷ് വൈസ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്കു നല്കേണ്ടതും. ടി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച ക്രഷ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ മാത്രം ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ബാക്കി രേഖകൾ ജില്ല വനിത ശിശുവികസന ഓഫിസിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് ഹാജരാക്കേണ്ടതുമാണ്.

V. VIGNESHWARI. IAS
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
പകർപ്പ് : 1) സൂപ്രണ്ട് - A സെക്ഷൻ
2) സൂപ്രണ്ട് - പ്ലാനിംഗ് സെൽ
3) ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**സൂപ്രണ്ട്**